Re3/483/2018/LSGD

**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **3573** **11/12/2018 ൽ** മറുപടിക്ക്

**തെരുവുനായകളുടെ നിയന്ത്രണം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം.ഉമ്മർ** | **എ.സി.മൊയ്തീൻ (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |

| | | |
|---|---|---|
| **എ** | സംസ്ഥാനത്ത് തെരുവുനായ ശല്യം പരിഹരിക്കുന്നതിനായി എ.ബി.സി. റൂൾസ് പ്രകാരം മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | **എ)** തെരുവുനായ ശല്യം പരിഹരിക്കുന്നതിനായി എല്ലാ ഗ്രാമ പഞ്ചായത്തുകളിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തന പുരോഗതി കൃത്യമായി വിലയിരുത്തി തുടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. എ.ബി.സി പദ്ധതി പ്രകാരമുള്ള മോണിട്ടറിംഗ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് എല്ലാ നഗരസഭകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. നഗരസഭകളിലെ എ.ബി.സി. പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നുണ്ട്. |
| **ബി** | വീടുകളിൽ നായകളെ വളർത്തുന്നതിനായി ലൈസൻസ് എടുക്കണമെന്ന് വ്യവസ്ഥയുണ്ടെങ്കിലും അത് നടപ്പിലാക്കാൻ കഴിയാത്തതിന്റെ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | **ബി)** വീടുകളിൽ നായകളെ വളർത്തുന്നതിനായി ലൈസൻസ് എടുക്കണമെന്ന വ്യവസ്ഥ നഗരസഭകളിലും പഞ്ചായത്തുകളിലും കൃത്യമായി നടപ്പിലാക്കി വരുന്നു. |
| **സി** | തെരുവുനായ്ക്കളുടെ ആക്രമണത്തിൽ പരിക്കേറ്റവർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി സുപ്രീം കോടതി അംഗീകരിച്ച റിപ്പോർട്ടുകളിൽ ശിപാർശ ചെയ്തിട്ടുള്ള അർഹരായവർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ? | **സി)** ജസ്റ്റിസ്(റിട്ട.)സിരിജഗൻ കമ്മിറ്റി, തെരുവു നായകളുടെ ആക്രമണത്തിന് വിധേയരായവർക്ക് നിശ്ചയിക്കുന്ന നഷ്ടപരിഹാരം, അതേപടി നൽകാനാണ് ബഹു.സുപ്രീംകോടതി 16.7.2018 ൽ റിട്ട് പെറ്റീഷൻ നം.599/2015 (CCNo.944/2017) ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ടി കോടതി ഉത്തരവ് പാലിച്ചുകൊണ്ട് ജസ്റ്റിസ്(റിട്ട.)സിരിജഗൻ കമ്മിറ്റിയുടെ 1 മുതൽ 16 വരെയുള്ള റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. കമ്മറ്റിയുടെ 17-ാമത്തെ റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാവർക്കും നഷ്ടപരിഹാരം നൽകാൻ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിക്കൊണ്ട് സർക്കാർ 14.11.2018 ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നഷ്ടപരിഹാരം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ